# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 645

07.01.2014-ൽ മറുപടിക്ക്

## കൽപ്പറ്റ, പിണങ്ങോട് ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ; | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പിണങ്ങോട് ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പിണങ്ങോട് ലക്ഷം വീട് കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനമൊന്നും ലഭിച്ചിട്ടില്ല. |
| (സി) | അപകടാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 1972-76 കാലഘട്ടത്തിൽ ലക്ഷം വീട് പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന 2 പദ്ധതികൾ നിലവിലുണ്ട്.<br>1. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിലൂടെ വീടുകളുടെ പുനർ നിർമ്മാണത്തിനുള്ള ധനസഹായം.<br>2. വീടുകളുടെ മേൽക്കൂരയുടെ അറ്റകുറ്റ പണികൾക്കുള്ള ധനസഹായം.<br><br>ബന്ധപ്പെട്ട പഞ്ചായത്തുകൾ ഭവന നിർമ്മാണ ബോർഡിൽ അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ